1 എൻ രക്ഷകാ! എൻ ദൈവമേ!
നിന്നിൽ ആയ നാൾ ഭാഗ്യമെ
എന്നുള്ളത്തിൻ സന്തോഷത്തെ
എന്നും ഞാൻ കീർത്തിച്ചിടട്ടെ

ഭാഗ്യനാൾ! ഭാഗ്യനാൾ!
യേശു എൻ പാപം തീർത്ത നാൾ
കാത്തു പ്രാർഥിക്കാറാക്കി താൻ
ആർത്തു ഘോഷിക്കാറാക്കി താൻ
ഭാഗ്യനാൾ! ഭാഗ്യനാൾ!
യേശു എൻ പാപം തീർത്ത നാൾ

2 വൻ ക്രിയ എന്നിൽ നടന്നു,
കർത്തൻ എന്റെ ഞാൻ അവന്റെ
താൻ വിളിച്ചു ഞാൻ പിൻചെന്നു
സ്വീകരിച്ചുതൻ ശബ്ദത്തെ - ഭാഗ്യ....

3 സ്വസ്ഥം ഇല്ലാത്ത മനമെ!
കർത്തനിൽ നീ ആശ്വസിക്ക
ഉപേക്ഷിയാതെ അവനെ,
തൻ നന്മകൾ സ്വീകരിക്ക - ഭാഗ്യ....

4 സ്വർപ്പൂരം ഈ കരാറിനു
സാക്ഷി നിൽക്കുന്നെൻ മനമേ!
എന്നും എന്നിൽ പുതുക്കുന്നു
നന്മുദ്ര നീ ശുദ്ധാത്മാവേ - ഭാഗ്യ....

5 സൌഭാഗ്യം നൽകും ബാന്ധവം
വാഴ്ത്തും നീ ജീവകാലമെല്ലാം
ക്രിസ്തേശുവിൽ എൻ
ആനന്ദംപാടും ഞാൻ
അന്ത്യകാലത്തും - ഭാഗ്യ....